# ഫാത്തിമാ സന്ദേശം

ചിത്രീകരണം: ജ്യൂലിയോ ജിൽ







*A Mensagem de Fátima*
© Ilustrações: Júlio Gil
© Texto: Leonor de Sousa Mendes,
Manuel Vieira da Cruz
Tradução: Christudas Nesayyan Aantha
*Printed in Spain, 2017.*
ചിത്രീകരണം: ജൂലിയോ ജിൽ
രചന: ലെയൊണോർ ദെ സോസ മെൻഡസ്,
മനുവേൽ വിയേര ദ ക്രൂസ്
വിവർത്തനം: ക്രിസ്തുദാസ് നേശയ്യൻ ആന്ത

പോർച്ചുഗലിന്റെ മധ്യഭാഗത്തായി കാണപ്പെടുന്ന സേറ ദൈർ എന്ന മലനിരകൾക്കിടയിലാണ് അൽജ്യൂസ്ത്രെൽ എന്ന കൊച്ചുഗ്രാമം. ഫാത്തിമയ്ക്കടുത്തായ ഇവിടെയാണ് ക്രിസ്തുവർഷം 1915-ൽ ഈ ചരിത്ര സംഭവം ആരംഭിക്കുന്നത്.

ലൂസിയ എന്ന ഒരു കൊച്ചു ആട്ടിടയ തന്റെ മൂന്ന് ചങ്ങാതിമാരുമൊത്ത് ജപമാല പ്രാർത്ഥിക്കുകയായിരുന്നു. പെട്ടെന്ന്, താഴ്വരയിലെ മരങ്ങൾക്കിടയിലായി മേഘപടലങ്ങൾക്ക് സമാനമായ എന്തോ ഒന്ന് അവരുടെ ശ്രദ്ധയാകർഷിച്ചു. അത് മനുഷ്യരൂപത്തോട് സാദൃശ്യമുള്ളതും മഞ്ഞിനെക്കാൾ വെൺമയുള്ളതും വളരെ സുതാര്യവുമായി കാണപ്പെട്ടു.



ഈ ദർശനം മറ്റ് രണ്ട് ദിവസങ്ങളിൽ കൂടെ ആവർത്തിച്ചു. എന്നാൽ, ആ രൂപം ഒന്നും തന്നെ സംസാരിക്കുന്നുണ്ടായിരുന്നില്ല.



മാസങ്ങൾ കടന്നുപോയി.

പുതിയ ഒരു വർഷം

വന്നുചേർന്നു.

വസന്തകാലത്തിലെ സുന്ദരമായൊരു പ്രഭാതത്തിൽ,


ലൂസിയ തന്റെ അമ്മായിയുടെ മക്കളായ

ജസീന്തയും ഫ്രാൻസിസ്കോയുമൊത്ത് തങ്ങളുടെ

മാതാപിതാക്കളുടെ ആടുകളെ മേയ്ക്കുവാൻ പുറപ്പെട്ടു.




മദ്ധ്യാഹ്നമായപ്പോഴേക്കും ഒരു ചാറ്റൽമഴ ആരംഭിച്ചു.
ആ മൂന്ന് കുഞ്ഞാട്ടിടയരും മഴ നനയാതിരിക്കാൻ
അഭയം തേടി ഒരു ചെറിയ
കുന്നിൻ മുകളിൽ ഓടിക്കയറി.



അവർ അവിടെ ഒരു കൊച്ചു ഗുഹ കണ്ടെത്തി. അവിടെ വച്ച് അവർ തങ്ങളുടെ ലഘു ഭക്ഷണം കഴിക്കുകയും ജപമാല പ്രാർത്ഥിക്കുകയും ചെയ്തു. എന്നിട്ടവർ കളിയ്ക്കാനാരംഭിച്ചു.

കുറച്ചു സമയം കഴിഞ്ഞതും പെട്ടെന്ന്, വൃക്ഷങ്ങളെ ആടിയുലയ്ക്കും വിധം ശക്തമായൊരു കാറ്റ് വീശി. അവർ കണ്ണുകളുയർത്തിയതും, അതാ... ഒലിവു-മരങ്ങൾക്ക് മുകളിലായി മഞ്ഞിനെക്കാൾ വെൺമയാർന്ന ഒരു യുവാവ്!



അയാൾ തങ്ങളെ സമീപിക്കുന്നതു കണ്ട് കുട്ടികൾ പരിഭ്രമിച്ചു. എന്നാൽ, ഭയപ്പെടരുതെന്ന് ആ യുവാവ് അവരോട് പറഞ്ഞു:

"... ഞാൻ സമാധാനത്തിന്റെ മാലാഖയാണ്. എന്നോടൊപ്പം പ്രാർത്ഥിക്കൂ".

അയാൾ മുട്ടുകുത്തി നെറ്റിത്തടം ഭൂമിയിൽ സ്പർശിക്കുവോളം കുനിഞ്ഞുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു: "ഓ എന്റെ ദൈവമേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. അങ്ങയെ ഞാൻ ആരാധിക്കുന്നു. അങ്ങയിൽ ഞാൻ പ്രത്യാശിക്കുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങയെ വിശ്വസിക്കാത്തവർക്കു വേണ്ടിയും, അങ്ങയെ ആരാധിക്കാത്തവർക്കു വേണ്ടിയും, അങ്ങയിൽ പ്രത്യാശിക്കാത്തവർക്കു വേണ്ടിയും, അങ്ങയെ സ്നേഹിക്കാത്തവർക്കു വേണ്ടിയും ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു". മാലാഖ ഇങ്ങനെ മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചപ്പോൾ, മൂന്ന് കുഞ്ഞാട്ടിടയരും അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രാർത്ഥിച്ചു. അപ്രത്യക്ഷനാകുന്നതിന് മുമ്പ് മാലാഖ അവരോട് ഇങ്ങനെ പറഞ്ഞു: "ഇങ്ങനെ പ്രാർത്ഥിക്കൂ. ഈശോയുടേയും കന്യാമറിയത്തിന്റെയും തിരുഹൃദയങ്ങൾ നിങ്ങളുടെ പ്രാർത്ഥനകൾക്ക് കാതോർക്കുകയാണ് ".





വേനൽക്കാലത്തെ ഒരു ദിവസം, ഉച്ചയുറക്കസമയത്ത് കുട്ടികൾ പച്ചക്കറിത്തോട്ടത്തിലെ കിണറ്റിനരികെ കളിക്കുകയായിരുന്നു. പെട്ടെന്ന്, മാലാഖ വീണ്ടും അവർക്ക് പ്രത്യക്ഷപ്പെട്ടു. എന്നിട്ടവരോടിങ്ങനെ പറഞ്ഞു: ''*പ്രാർത്ഥിക്കൂ! ധാരാളം പ്രാർത്ഥിക്കൂ!* '' താൻ പോർച്ചുഗലിന്റെ കാവൽ-മാലാഖയാണെന്നവരെ അറിയിച്ച ശേഷം ലോകസമാധാനത്തിനു വേണ്ടിയും പാപികളുടെ മാനസാന്തരത്തിനു വേണ്ടിയും പ്രാർത്ഥനയും പരിത്യാഗ പ്രവർത്തികളും ദൈവത്തിനർപ്പിക്കുവാൻ അവരോടാവശ്യപ്പെട്ടു.

''...*ദൈവം നിങ്ങൾക്കായി അയയ്ക്കുവാൻ പോകുന്ന സഹനങ്ങൾ അനുസരണയോടെ അംഗീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്യുവിൻ*''.



കാലം കടന്നുപോയി. ഒരു ശരത്കാലം വന്നു ചേർന്നു. ലോക്ക ദു കബേസു എന്ന സ്ഥലത്ത് മാലാഖ വീണ്ടും കുഞ്ഞാട്ടിടയർക്കു പ്രത്യക്ഷപ്പെട്ടു. അവിടെ വച്ച് പരിശുദ്ധ ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന യേശുക്രിസ്തുവിന്റെ തിരുശരീരത്തേയും തിരുരക്തത്തേയും എങ്ങനെയാണ് ആരാധിക്കേണ്ടതെന്ന് അവരെ പഠിപ്പിച്ചു. അതിനുശേഷം, കുഞ്ഞാട്ടിടയർ പ്രാർത്ഥനാപൂർവ്വം മാലാഖയുടെ കരങ്ങളിൽ നിന്നും വിശുദ്ധ കുർബ്ബാന സ്വീകരിച്ചു.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
പരിശുദ്ധ ത്രീത്വൈയ്ക ദൈവമേ, ഞാൻ
അങ്ങയെ അഗാധമായി ആരാധിക്കുന്നു. ലോക-
മെമ്പാടുമുള്ള സക്രാരികളിൽ എഴുന്നള്ളിയിരിക്കുന്ന
ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനെ
അവഹേളനങ്ങളാലും നിന്ദകളാലും ഉപേക്ഷയാലും
ഞങ്ങൾ മുറിവേൽപ്പിച്ചതിനാൽ, യേശുക്രിസ്തുവിന്റെ
തന്നെ വിലയേറിയ തിരുരക്തവും തിരുശരീരവും
ആത്മാവും ദൈവത്വവും പാപപരിഹാരമായി
ഞാൻ അങ്ങേയ്ക്ക് അർപ്പിക്കുന്നു.
ഈശോയുടെ തിരുഹൃദയത്തിന്റെയും
കന്യാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും
അനന്തയോഗ്യതകളെ പ്രതി
അശരണരായ പാപികളുടെ മാനസാന്തരത്തിനായി
ഞാൻ അങ്ങയോട് യാചിക്കുന്നു".

1917 മെയ് മാസം 13-ാം തീയതി, മൂന്ന് കുഞ്ഞാട്ടിടയരും കോവ ദാ ഇരിയ എന്ന സ്ഥലത്തു തങ്ങളുടെ ആട്ടിൻ കൂട്ടത്തെ പുല്ലു മേയ്ക്കാനായി കൊണ്ടുപോയി. അവിടെ കളിച്ചു കൊണ്ടിരിക്കവേ പെട്ടെന്ന്, മിന്നൽപ്പിണർ പോലെ എന്തോ ഒന്ന് അവർ കണ്ടു.



അവർ വീട്ടിലേക്ക് മടങ്ങുവാനൊരുങ്ങവേ, വേറൊരു മിന്നൽപ്പിണർ കണ്ടു.

ഏതാനും നിമിഷങ്ങൾക്കു ശേഷം അതാ... ചെറിയൊരു ഓക്കുമരത്തിനു

മുകളിലായി സൂര്യനേക്കാൾ പ്രഭയേറുന്ന വെള്ള വസ്ത്രം ധരിച്ച ഒരു സ്ത്രീ!






ആ സ്ത്രീ തുടർന്നുള്ള ആറു മാസങ്ങളിൽ തുടർച്ചയായി 13-ാം തീയതി, ഇതേസമയം ഇവിടെ എത്തിച്ചേരുവാൻ ആ കുഞ്ഞാട്ടിടയരോട് ആവശ്യപ്പെട്ടു. അപ്പോൾ താൻ ആരാണെന്നും എന്താണാഗ്രഹിക്കുന്നതെന്നും പറയാമെന്ന് അവരോട് പറഞ്ഞു.

എന്നിട്ടവരോടിങ്ങനെ ആവശ്യപ്പെട്ടു:

*"ലോക സമാധാനത്തിനും യുദ്ധം അവസാനിക്കുന്നതിനും വേണ്ടി എല്ലാ ദിവസവും ജപമാല പ്രാർത്ഥിക്കു".*

ഉടനെ, ആ സ്ത്രീ പ്രശാന്തതാപൂർവ്വം പൂർവ്വ ദിക്കിലേക്കുയർന്നു അനന്ത വിഹായസിൽ അപ്രത്യക്ഷയായി.



ജൂൺ മാസം 13-ാം തീയതി, ആ സ്ത്രീ
കുഞ്ഞാട്ടിയരോട് ഇങ്ങനെ പറഞ്ഞു:
"ലോകത്തിൽ എന്റെ വിമല ഹൃദയത്തോടുള്ള ഭക്തി
സ്ഥാപിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു.
ഈ ഭക്ത്യാചരണത്തെ ആശ്ലേഷിക്കുന്നവർക്ക്
ഞാൻ രക്ഷ വാഗ്ദാനം ചെയ്യുന്നു."

ആ ദിവസം,
പ്രത്യക്ഷപ്പെടലുകളെക്കുറിച്ച്
കേട്ടറിഞ്ഞവർ അവിടെ
തടിച്ചുകൂടാൻ ആരംഭിച്ചു.

ജൂലൈ മാസം 13-ാം തീയതി, ആ സ്ത്രീ വീണ്ടും പ്രത്യക്ഷപ്പെട്ടു.

*"ഒക്ടോബർ മാസത്തിൽ ഞാൻ ആരാണെന്നും എന്താണാഗ്രഹിക്കുന്നതെന്നും പറയാം.*
*സകലരും കാണുന്നതിനും വിശ്വസിക്കുന്നതിനും വേണ്ടി അന്ന് ഞാൻ ഒരു അത്ഭുതവും പ്രവർത്തിക്കും."*

പാപികൾക്കു വേണ്ടി പാപപരിഹാര പ്രവർത്തികൾ ചെയ്യുവാൻ ആ സ്ത്രീ അവരോടാവശ്യപ്പെട്ടു.
കൂടാതെ ധാരാളം പ്രാവശ്യം പ്രാർത്ഥിക്കുവാൻ, പ്രത്യേകിച്ചു പാപപരിഹാര പ്രവർത്തികൾ ചെയ്യുമ്പോൾ
മനസ്സിൽ ഉരുവിടാൻ ഒരു പ്രാർത്ഥനയും അവരെ പഠിപ്പിച്ചു. *"ഓ എന്റെ ഈശോയേ,*
*ഇത് അങ്ങയോടുള്ള സ്നേഹത്തെ പ്രതി, പാപികളുടെ മാനസാന്തരത്തിനും,*
*കന്യാമറിയത്തിന്റെ വിമല ഹൃദയത്തിനെതിരായി ചെയ്തുപോയ പാപങ്ങളുടെ*
*പരിഹാരത്തിനുമായി അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു."*





ആ സ്ത്രീ അവർക്ക് പാപികളുടെ ആത്മാക്കൾ മരണശേഷം എത്തിച്ചേരുന്ന നരകം കാണിച്ചുകൊടുത്തു. നമ്മുടെ രക്ഷയ്ക്കു വേണ്ടി ലോകത്തിൽ കന്യാമറിയത്തിന്റെ വിമല ഹൃദയത്തോടുള്ള ഭക്തി സ്ഥാപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ജപമാലയുടെ ഓരോ ദശകത്തിലും നാം ഇങ്ങനെ പ്രാർത്ഥിക്കണം.


*"ഓ എന്റെ ഈശോയെ, ഞങ്ങളോട് ക്ഷമിക്കേണമേ,*
*നരകാഗ്നിയിൽ നിന്നും ഞങ്ങളെ മോചിപ്പിക്കേണമേ,*
*എല്ലാ ആത്മാക്കളെയും പ്രത്യേകിച്ച് അങ്ങയുടെ*
*സഹായം ഏറ്റവും ആവശ്യമായിരിക്കുന്നവരെ*
*സ്വർഗ്ഗത്തിലേക്ക് ആനയിക്കുകയും*
*ചെയ്യണമേ".*

കുഞ്ഞാട്ടിടയർ ശിക്ഷകളും പീഡനങ്ങളും അനുഭവിക്കാൻ ആരംഭിച്ചു. ധാരാളം പേർ അവരെ ഭീഷണിപ്പെടുത്തുകയും കളിയാക്കുകയും ചെയ്തു. തങ്ങൾ കണ്ട കാര്യങ്ങൾ കള്ളമാണെന്നു പറയുവാൻ അവരോടാവശ്യപ്പെട്ടു. അത് നിരാകരിച്ചതിനാൽ അവരെ തടഞ്ഞു വയ്ക്കുകയും വധശിക്ഷ നൽകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. വില്ല നോവ ദ് ഒറയിനിൽ അവരെ തടഞ്ഞു വച്ചിരുന്നതിനാൽ ആഗസ്റ്റ് 13 നു അവർക്ക് കോവ ദാ ഇരിയയിൽ പോകുവാൻ സാധിച്ചില്ല. എന്നാൽ, ഒരിക്കലും തങ്ങൾ കണ്ട കാര്യങ്ങൾ കള്ളമാണെന്നു പറയുവാൻ അവർ തയ്യാറായില്ല. ആ സ്ത്രീ അവരോടാവശ്യപ്പെട്ടതുപോലെ അവർ വേദനകൾ ഏറ്റെടുക്കുകയും സാധിക്കുന്ന എല്ലാ വിധത്തിലും എപ്പോഴും തങ്ങളെത്തന്നെ ഒരു പരിഹാരബലിയായി ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു.




ആഗസ്റ്റ് മാസം തന്നെ 19-ാം തീയതി, ആ സ്ത്രീ കുഞ്ഞാട്ടിടയരുടെ വീടിനടുത്തുള്ള വെല്ലീഞ്ഞുസ് എന്ന സ്ഥലത്ത് അവർക്ക് പ്രത്യക്ഷയായി.

"...പ്രാർത്ഥിക്കൂ, ധാരാളം പ്രാർത്ഥിക്കൂ. പാപികൾക്ക് വേണ്ടി ത്യാഗ പ്രവർത്തികൾ ചെയ്യുവിൻ, കാരണം പ്രാർത്ഥിക്കാനും പരിത്യാഗ പ്രവർത്തികൾ ചെയ്യാനും ആരുമില്ലാത്തതിനാൽ ധാരാളം പാപികളുടെ ആത്മാക്കൾ നരകത്തിലേക്ക് പോകുന്നു".




സെപ്റ്റംബർ മാസം 13–ാം തീയതി, ആ സ്ത്രീ കുഞ്ഞാട്ടിടയർക്ക് പ്രത്യക്ഷപ്പെട്ടു. അവർ ചെയ്യുന്ന പരിത്യാഗ പ്രവർത്തികളിൽ ദൈവം സംപ്രീതനാണെന്നും, ഒക്ടോബർ മാസം പറഞ്ഞിരുന്നതുപോലെ അത്ഭുതം പ്രവർത്തിക്കുമെന്നും അവരെ അറിയിച്ചു.






അവസാനം, ഒക്ടോബർ മാസം 13-ാം തീയതി, ആ സ്ത്രീ
ലൂസിയയോട് ഇങ്ങനെ പറഞ്ഞു: ''ഞാൻ ജപമാല രാജ്ഞിയാണ്.
എന്നോടുള്ള ബഹുമാനാർത്ഥം ഇവിടെ ഒരു പള്ളി സ്ഥാപിക്കണമെന്ന്
ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ദിവസവും ജപമാല പ്രാർത്ഥിക്കുന്നത് തുടരുക.
നമ്മുടെ ദൈവത്തെ ഇനിയും വേദനിപ്പിക്കരുത്, കാരണം
ഇപ്പോൾ തന്നെ അവിടുന്ന് വളരെയധികം നിന്ദകൾ സഹിക്കുകയാണ് ''.

ആ ദിവസം, നമ്മുടെ ജപമാല രാജ്ഞി
വാഗ്ദാനം ചെയ്തിരുന്ന അത്ഭുതം പ്രവർത്തിച്ചു.
സൂര്യൻ കുലുങ്ങുന്നതും വട്ടം തിരിയുന്നതും
പലതരം നിറമാർന്ന രശ്മികൾ നാനാ ദിക്കുകളിൽ
ചിതറിച്ചു കൊണ്ട് നൃത്തം ചെയ്യുന്നതും അവിടെ
തടിച്ചുകൂടിയിരുന്ന ജനം കണ്ടു.





മൂന്ന് കുഞ്ഞാട്ടിടയരും എല്ലാ ദിവസവും ജപമാല പ്രാർത്ഥിക്കുന്നത് തുടർന്നു. ജപമാല രാജ്ഞി അവരോടാവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അവർ നിവർത്തിച്ചു. യേശുക്രിസ്തുവിനെ അവർ സ്വന്തം ജീവിതത്തിൽ അംഗീകരിക്കുകയും സ്വഹൃദയങ്ങളിൽ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അവർ ജീവിതത്തിലെ ഓരോ നിമിഷവും തീക്ഷ്ണതയോടും പരിപൂർണ്ണതയോടും കൂടെ ജീവിച്ചു പോന്നു.

പരിശുദ്ധ കുർബ്ബാനയിൽ യേശുക്രിസ്തു സന്നിഹിതനാണെന്ന് കുഞ്ഞാട്ടിടയർക്ക് അറിയാമായിരുന്നു. എന്നാൽ, നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ സാധിക്കാത്തതിനാൽ "*മറഞ്ഞിരിക്കുന്ന ഈശോ*" എന്ന് അവർ ദിവ്യകാരുണ്യത്തെ വിളിച്ചു. പരിശുദ്ധ കുർബ്ബാനയിൽ ദൈവത്തെ ആരാധിക്കുന്നതിൽ അവർ ധാരാളം സമയം ചെലവഴിച്ചിരുന്നു.

പോർച്ചുഗലിൽ ഇതെല്ലാം സംഭവിച്ചിട്ടു ഏകദേശം നൂറ് വർഷം തികയുന്നു.
ആദ്യം സമാധാനത്തിന്റെ മാലാഖ കുഞ്ഞാട്ടിടയർക്ക് പ്രത്യക്ഷപ്പെട്ടു. വിശ്വാസത്തോടും,
ശരണത്തോടും, ഉപവിയോടും കൂടെ ദൈവത്തെ ആരാധിക്കുവാൻ മാലാഖ അവരെ
പഠിപ്പിച്ചു. ധാരാളം പ്രാർത്ഥിക്കുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു. പിന്നീട്,
ഈശോയുടെ മാതാവായ കന്യാമറിയം അവർക്ക് പ്രത്യക്ഷപ്പെട്ടു.
നമ്മുടെ ജപമാല രാജ്ഞി ലോകസമാധാനത്തിനുവേണ്ടിയും, പാപികളുടെ
മാനസാന്തരത്തിനുവേണ്ടിയും എല്ലാ ദിവസവും
ജപമാല പ്രാർത്ഥിക്കുവാൻ അവരോട് പറഞ്ഞു.

ഫാത്തിമാ സന്ദേശം പ്രാർത്ഥനയിലേക്കും,
പ്രായശ്ചിത്തത്തിലേയ്ക്കും, നിരന്തരമായ മാനസാന്തരത്തിലേക്കും
ഉള്ള ഒരു വിളിയാണ്. ആനുകാലികതയിലേക്കും സകല
മനുഷ്യരിലേക്കും വ്യക്തിപരമായി നാമോരോരുത്തരിലേക്കും
ഇന്ന് ഈ വിളി വിരൽ ചൂണ്ടുന്നു.

